## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2174** **17.06.2014 ലെ മറുപടിയ്ക്ക്**

## ലോട്ടറി നറുക്കെടുപ്പിന് നൂതന മാർഗ്ഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. വർക്കല കഹാർ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ലോട്ടറി നറുക്കെടുപ്പിന് യന്ത്രം ഉപയോഗിക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തുടക്കം കുറിച്ചിട്ടുണ്ട്. 2013 ജൂലൈ മാസം ഒന്നാം തീയതി മുതൽ നറുക്കെടുപ്പ് യന്ത്രം ഉപയോഗിച്ചാണ് സംസ്ഥാന ഭാഗ്യക്കുറി സമ്മാനങ്ങൾ നറുക്കെടുക്കുന്നത്. |
| (ബി) | ആയതിന്റെ സവിശേഷതകൾ എന്തെല്ലാമാണ്, വിശദമാക്കാമോ; | (ബി) | കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ സമ്മാനങ്ങൾ മെച്ചപ്പെട്ട സുതാര്യതയോടുകൂടി ജനസമക്ഷം നറുക്കെടുക്കാൻ കഴിയുന്നുവെന്നതാണ് നറുക്കെടുപ്പ് യന്ത്രത്തിന്റെ സവിശേഷത. |
| (സി) | ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇതിനുവേണ്ടി സഹകരിച്ചിട്ടുള്ളത്, വ്യക്തമാക്കാമോ; | (സി) | സിഡ്കോ / മെറ്റൽ ഇൻഡസ്ട്രീസ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ പദ്ധതിയിൽ സഹകരിച്ചിട്ടുള്ളത്. |

(ഡി) ആയതിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) നറുക്കെടുപ്പ് മെഷീന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്താൻ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും സമിതി അംഗങ്ങൾ നറുക്കെടുപ്പു മെഷീൻ പരിശോധിക്കുകയും, ടി മെഷീനിൽ Mock Draw നടത്തി കാര്യക്ഷമതയും സുതാര്യതയും നേരിട്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ സമിതി അംഗങ്ങൾ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ ക്രോഡീകരിച്ച്, അവർ നിർദ്ദേശിച്ച അപര്യാപ്തതകൾ പരിഹരിച്ചിട്ടുണ്ട്.

(ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുമോ, വ്യക്തമാക്കാമോ?

(ഇ) പൊതുജനങ്ങൾക്ക് നറുക്കെടുപ്പിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ.